LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വലപ്പാട് കുഞ്ഞുണ്ണി മാഷ് സ്മാരക സമിതിയുടെ വിവിധ പ്രവർത്തനങ്ങൾക്ക് സർക്കാർ 25-3-2013-ലെ സ.ഉ. (സാധാ) നമ്പർ 153/13/ സി.എ.ഡി. ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) വലപ്പാട്ട് കുഞ്ഞുണ്ണി മാസ്റ്ററുടെ കുടുംബം കേരള സാഹിത്യ അക്കാദമിക്ക് വിട്ടു നൽകിയ ഭൂമിയിൽ കവിയുടെ സ്മാരകം നിർമ്മിക്കുന്നതിന് ശ്രീ. റ്റി. എൻ. പ്രതാപൻ എം.എൽ.എ. അദ്ധ്യക്ഷനായി സർക്കാർ രൂപീകരിച്ച കുഞ്ഞുണ്ണി മാഷ് സ്മാരക സമിതിക്ക് സാഹിത്യ അക്കാദമി പെർമിസീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ സ്മാരക നിർമ്മാണത്തിന് വിശദമായ പ്രോജക്ടും എസ്റ്റിമേറ്റും സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

എൻ. എൻ. കക്കാട് സ്മാരക നിർമ്മാണം

68 (1436) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ മഹാകവി എൻ. എൻ. കക്കാടിന് ജന്മദേശത്ത് സ്മാരകം പണിയുമെന്ന പ്രഖ്യാപനത്തെതുടർന്ന് ഗ്രാമപഞ്ചായത്ത് ഭൂമി ലഭ്യമാക്കുകയും കേരള സാഹിത്യ അക്കാഡമി സ്മാരക കെട്ടിടത്തിന്റെ വിശദമായ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുകയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്മാരകത്തിന് ഭരണാനുമതിനൽകി കെട്ടിട നിർമ്മാണ നടപടികൾക്കായി നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത ബഡ്ജറ്റിൽ സ്മാരക നിർമ്മാണത്തിനുള്ള ശുപാർശ ഉൾപ്പെടുത്തുവാൻ കേരള സാഹിത്യ അക്കാദമിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.